**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 81

13.06.12ൽ മറുപടിയ്ക്ക്

**വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി.അബ്ദുൾ റസാക്ക്<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.ഉബൈദുള്ള | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന സ്വദേശികളും വിദേശീയരുമായ സന്ദർശകരുടെ സുരക്ഷിതത്വവും, സൗകര്യവും ഉറപ്പുവരുത്തുന്നകാര്യത്തിൽ പുതുതായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ എത്തുന്ന സന്ദർശകരുടെ സുരക്ഷിതത്വവും സൗകര്യവും ഉറപ്പു വരുത്തുന്നതിന് പ്രധാന കടലോര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് പുറമേ മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ ലൈഫ് ഗാർഡുകളെ നിയമിക്കുക, ടൂറിസം വാർഡൻമാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദ സഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പു വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക, ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി "ജീവൻ രക്ഷാ സന്നദ്ധ സേവകൻ" എന്ന പദ്ധതി, ജീവൻ രക്ഷാ സേവനങ്ങൾക്കായി ഒരു പ്രത്യേക സൊസൈറ്റി രൂപീകരിക്കുകയും ശരിയായ പരിശീലനം നൽകുകയും ആധുനിക ഉപകരണങ്ങൾ നൽകുകയും സേവനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുക, എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും "ടൂറിസ്റ്റ് വാർഡൻ" പദ്ധതി, വിനോദ സഞ്ചാരികളെ ബാധിക്കുന്ന അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനായി ആകസ്മിക ഘട്ടങ്ങളിൽ അടിയന്തിരമായി ഇടപെടാൻ പര്യാപ്തമായ "കണ്ടിജൻസി റെസ്പോൺസ് സെൽ" രൂപീകരണം എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതു കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിനായി പോലീസ് വകുപ്പിന് ലഭ്യമായ 100 കോടി രൂപയിൽ 10 കോടി രൂപ |

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായുള്ള ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ റവന്യൂ ജില്ലകളിൽ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രത്തിൽ ഇലക്ട്രോണിക് സർവലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ് എന്ന് സ്റ്റേറ്റ് പോലീസ് ചീഫ് അറിയിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ടൂറിസം പോലീസ് സംവിധാനം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | ടൂറിസം പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കാൻ എന്തൊക്കെ പരിഷ്കാരങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള പാതകളിലും, ഇടത്താവളങ്ങളിലും, സാമൂഹ്യവിരുദ്ധരും, മദ്യപന്മാരും ടൂറിസ്റ്റുകളെ ശല്യപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്യുന്ന സംഭവങ്ങൾ തടയാൻ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുമോ ; | (ഡി) യും (ഇ) യും | ടൂറിസ്റ്റ് പ്രൊട്ടക്ഷൻ കേന്ദ്രങ്ങൾ നിലവിൽ വന്നു കഴിയുമ്പോൾ ഇത്തരം സാമൂഹ്യ വിരുദ്ധ പ്രവണതകൾ കർശനമായി നിയന്ത്രണ വിധേയമാക്കാൻ കഴിയുന്നതാണ് |
| (ഇ) | ടൂറിസം കേന്ദ്രങ്ങളിൽ മദ്യ-മയക്കുമരുന്ന് ലഭ്യത തടയാൻ കർശന നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ